**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4066** **15-07-2022 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഗ്രാമവികസന വകുപ്പ് പെരിന്തൽമണ്ണ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതികൾ എന്തെല്ലാമാണെന്നും എത്ര തുക ഇതിനായി ചെലവഴിച്ചുവെന്നും വിശദമാക്കുമോ? | (എ) | കഴിഞ്ഞ അഞ്ചു വർഷത്തിനിടെ പെരിന്തൽമണ്ണ മണ്ഡലത്തിൽ പ്രധാനമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ), ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പദ്ധതികൾ എന്നിവയാണ് ഗ്രാമവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിയിട്ടുള്ളത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തോട് സംരക്ഷണം, വനവൽക്കരണം. നടപ്പാതകളുടെ നിർമ്മാണം, മൃഗസംരക്ഷണ പ്രവൃത്തികൾ, ക്ഷീര വികസന പ്രവൃത്തികൾ, പ്രകൃതി പരിപാലനം, പുഴ സംരക്ഷണം, അങ്കണവാടികൾ, മറ്റ് ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവ സംബന്ധിച്ച പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. മറ്റ് പദ്ധതികൾക്ക് കീഴിൽ റോഡ് നിർമ്മാണം, റോഡുകളുടെ പുനരുദ്ധാരണം. വി.സി.ബി.കം ബ്രിഡ്ജ്, അങ്കണവാടികൾ, ആശുപത്രിക്കെട്ടിടങ്ങൾ, സ്കൂൾ ശുചിമുറികൾ, വീടുകൾ, ജലസേചന കനാലുകൾ എന്നിവയുടെ നിർമ്മാണം, മിനി മാസ്റ്റ് ലൈറ്റ്, സ്കൂളുകളിൽ ഇൻസിനേറേറ്റർ എന്നിവ സ്ഥാപിക്കൽ, കാർഷികാഭിവൃദ്ധിക്കുള്ള പ്രോജക്ടുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസനം, മൃഗ സംരക്ഷണ ക്ഷീര വികസന പ്രോജക്ടുൾ, സാക്ഷരതാ തുടർ പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ടി പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | **(₹ in lakhs)** |
| **Sl. No** | **Schemes** | **2017-18** | **2018-19** | **2019-20** | **2020-21** | **2021-22** | **TOTAL** |
| 1 | MGNREGA | 668.91 | 1132.61 | 1198.70 | 1730.25 | 1611.28 | 6341.75 |
| 2 | PMAY(G) | 137.28 | 20.16 | 5.76 | 13.20 | 28.32 | 204.72 |
| 3 | Block (Development fund) | 437.21 | 706.58 | 404.42 | 785.48 | 757.16 | 3090.85 |
| 4 | Block (Maintenance Grant) | 34.89 | 41.52 | 33.24 | 66.59 | 77.30 | 253.54 |
| **TOTAL** | | **1278.29** | **1900.87** | **1642.12** | **2595.52** | **2474.06** | **9890.86** |